LIBRARY ARCHIVES Kerala Legislative Assembly

# വിവിധ നികതിയിനങ്ങളിലായി സംസ്ഥാനത്തിന് പിരിഞ്ഞുകിട്ടാനുള്ള തുക

127 (7963) ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപന നികുതി, എക്സൈസ് നികുതി, വൈദ്യുതി ഡ്യൂട്ടി എന്നിങ്ങനെ വിവിധ ഇനങ്ങളിലായി എന്തു തുക സംസ്ഥാനത്തിന് പിരിഞ്ഞുകിട്ടാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാനുള്ള ഉന്നതതല സമിതിയുടെ ശുപാർശയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) വരുമാനം വർദ്ധിപ്പിക്കുന്നതിലെ വീഴ്ച കാരണം മാസം എത്ര കോടിയുടെ കുറവ് സംസ്ഥാനത്ത് ഉണ്ടാകുന്നതായി കണക്കാക്കിയിട്ടുണ്ട്; വിശദമാക്കാമോ ;

(ഡി) ബഡ്ജറ്റിൽ എത്ര കോടിയുടെ റവന്യൂകമ്മിയാണ് പ്രതീക്ഷിച്ചിരുന്നത് ; 2013-14 വർഷം അവസാനിച്ചപ്പോൾ കമ്മി എത്ര കോടിയായി ഉയർന്നുവെന്ന് വ്യക്തമാക്കാമോ ?

## ഉത്തരം

(എ) ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ വിൽപ്പന നികുതി, എക്സൈസ് നികുതി, വൈദ്യുതി ഡ്യൂട്ടി എന്നീയിനങ്ങളിൽ പിരിഞ്ഞു കിട്ടാനുള്ള തുകകൾ താഴെപ്പറയും പ്രകാരമാണ്:

(തുക കോടിയിൽ)

| | | |
|---|---|---|
| വിൽപ്പന നികുതി | - | 6565.84 |
| എക്സൈസ് നികുതി | - | 236.71 |
| വൈദ്യുതി ഡ്യൂട്ടി | - | 3653.60 |

LIBRARY ARCHIVES Kerala Legislative Assembly

(ബി) നികുതി കുടിശ്ശികകൾ പിരിക്കുന്നതുൾപ്പെടെയുള്ള വിഭവ സമാഹരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ കമ്മിറ്റിയുടെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) മുൻ സാമ്പത്തിക വർഷത്തെ സമാന കാലയളവിലെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പ് സാമ്പത്തിക വർഷം. ഇതുവരെ ലഭിച്ച മൊത്തം റവന്യൂ വരുമാനത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ രാജ്യത്താകമാനം നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 2013-14-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച റവന്യൂകമ്മി 6208.35 കോടി രൂപയായിരുന്നു. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം പ്രസ്തുത വർഷത്തെ റവന്യൂ കമ്മി 10298.31 കോടി രൂപയാണ്.

## പെട്രോളിയം ഉൽപ്പന്നങ്ങളുടെ സംസ്ഥാന നികുതി

128 (7964) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും പാചകവാതകത്തിനും ഇപ്പോൾ സംസ്ഥാന സർക്കാർ എത്ര ശതമാനമാണ് നികുതി ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാർ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ നികുതി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി നിരക്ക് കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര രൂപയുടെ കുറവാണ് ഇതുമൂലം നികുതി ഇനത്തിൽ ഉണ്ടായത് ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) പെട്രോളിന് 26.21 ശതമാനവും ഡീസലിന് 19.8 ശതമാനവുമാണ് നിലവിലുള്ള നികുതി നിരക്ക്. ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതകത്തിന് 5 ശതമാനവും അല്ലാത്തവയ്ക്ക് 14.5 ശതമാനവുമാണ് നിലവിലുള്ള നികുതി നിരക്ക്.